I ഇ.ബി. XIV - കേരള നിയമസഭ /VII-12

**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

**നിയമസഭാ നടപടികള്‍ - സംഗ്രഹം**

(ചോദ്യോത്തരങ്ങള്‍ ഒഴികെ)

2017 ആഗസ്റ്റ് 24, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കര്‍ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയില്‍ നിയമസഭാ ഹാളില്‍ യോഗം ചേര്‍ന്നു.

(8.30 മുതല്‍ 9.30 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയം**

ഹൈക്കോടതി പരാമര്‍ശം

മി. സ്പീക്കര്‍ : ബാലാവകാശ കമ്മീഷന്‍ അംഗമായി ക്രിമിനല്‍ പശ്ചാത്തലമുള്ള ഒരു വ്യക്തിയെ തെരഞ്ഞെടുക്കാന്‍ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സ്വീകരിച്ച നടപടി സദുദ്ദേശപരവും ഉത്തമ വിശ്വാസത്തോടെയല്ലെന്നുമുള്ള ഹൈക്കോടതി വിധി മുന്‍നിര്‍ത്തി മന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നാല്

ദിവസമായി അഞ്ച് നിയമസഭാംഗങ്ങൾ സഭാ കവാടത്തിൽ നടത്തിവരുന്ന സത്യാഗ്രഹ സമരവും സിംഗിൾ ബഞ്ചിന്റെ പരാമർശങ്ങളെ ശരിവച്ചുകൊണ്ട് ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഇന്നലെ നടത്തിയ പരാമർശവുംമൂലം ഉളവായിട്ടുള്ള അതീവ ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സി. ജോസഫ്, ടി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>) : ഈ മാസം 21ാം തീയതി സഭ പരിഗണിച്ച വിഷയമാണിത്. ഹൈക്കോടതി പരാമർശം നീക്കുന്നതിനായി സർക്കാർ ഫയൽ ചെയ്ത അപ്പീൽ ഇന്ന് കോടതി പരിഗണിക്കുകയാണ്. ഈ സന്ദർഭത്തിൽ അതുസംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ ചർച്ച ചെയ്യുന്നത് ഉചിതമല്ല. അപേക്ഷ സമർപ്പിക്കാനുള്ള സമയപരിധി നീട്ടിയത് സംബന്ധിച്ച് കോടതി പരാമർശം നടത്തിയിട്ടുണ്ട്. സമാനവിഷയത്തിൽ മുൻ സർക്കാരിന്റെ കാലത്തും അപേക്ഷാ തീയതി നീട്ടുകയും നീട്ടിയ കാലയളവിൽ ലഭിച്ച അപേക്ഷയിൽ നിന്നും ചെയർപേഴ്സണെ ഉൾപ്പെടെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ബാലാവകാശ കമ്മീഷൻ അംഗങ്ങളെ തെരെഞ്ഞെടുത്ത രീതിയെക്കുറിച്ച് കോടതി ഒരുതരത്തിലുള്ള പ്രതികൂല പരാമർശവും നടത്തിയിട്ടില്ല. അപേക്ഷകരിൽ തെരഞ്ഞെടുക്കപ്പെടാത്ത

ഒരാളാണ് കോടതിയിൽ ഹർജി നൽകിയത്. തെരഞ്ഞെടുക്കപ്പെട്ടവരിൽ ഒരാൾ കേസുകളിൽ പ്രതിയാണെന്നുള്ളതാണ് ഉന്നയിക്കപ്പെട്ട ആക്ഷേപം. എന്നാൽ സാമൂഹ്യ വിഷയങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളാണ് അദ്ദേഹത്തിന്റെ പേരിലുള്ളത്. നിയമവകുപ്പ് സെക്രട്ടറി ഇക്കാര്യത്തിൽ നൽകിയ ഉപദേശം പ്രസക്തമാണ്. അപ്പീൽ പരിഗണിച്ചപ്പോൾ കോടതി നടത്തിയ പരാമർശം രേഖകൾ പ്രകാരമുള്ളതല്ല. ഇത്തരം സന്ദർഭങ്ങളിൽ മന്ത്രിമാർ രാജിവച്ചതായ കീഴ്‌വഴക്കമില്ല. കേസിൽ കക്ഷിയല്ലാത്ത മന്ത്രിയെക്കുറിച്ച് കോടതി നടത്തിയ പരാമർശത്തെത്തുടർന്ന് മന്ത്രി രാജിവയ്ക്കേണ്ട ആവശ്യമില്ല.

<u>ശ്രീ. കെ. സി. ജോസഫ്</u> : മുഖ്യമന്ത്രിയുടെ ന്യായവാദങ്ങൾ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നവയല്ല. കഴിഞ്ഞ നാല് ദിവസമായി അഞ്ച് അംഗങ്ങൾ സഭാ കവാടത്തിൽ ഉപവാസം അനുഷ്ഠിക്കുകയാണ്. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം അപേക്ഷാ കാലാവധി നീട്ടിയതുമൂലം ബാലാവകാശ കമ്മീഷനിലെ രണ്ട് അംഗങ്ങളുടെ നിയമനം അസാധുവാകുന്നതാണെന്നും ക്രിമിനൽ പശ്ചാത്തലമുള്ള ഒരാളെ നിയമിക്കുന്നതിനുവേണ്ടിയാണ് സമയം നീട്ടിയതെന്നും മന്ത്രിയുടെ നിർദ്ദേശം സദുദ്ദേശപരമല്ലെന്ന് അനുമാനിക്കാമെന്നുമാണ് വിധിന്യായത്തിൽ പറയുന്നത്. സംസ്ഥാന ചരിത്രത്തിലാദ്യമായാണ് ഒരു മന്ത്രിക്കെതിരെ ഒരാഴ്ചയ്ക്കുള്ളിൽ

മൂന്നപ്രാവശ്യം കോടതി പരാമർശമുണ്ടാകുന്നത്. ലാവ്‌ലിൻ കേസിലെ സിംഗിൾ ബഞ്ചിന്റെ വിധി സംബന്ധിച്ച പരാമർശങ്ങൾ ബാലാവകാശ കമ്മീഷൻ കേസിലെ വിധിക്കും ബാധകമാണോയെന്ന് വ്യക്തമാക്കണം. തുടർച്ചയായി കോടതി പരാമർശമുണ്ടായിട്ടും ബന്ധപ്പെട്ട മന്ത്രി രാജിവയ്ക്കില്ലെന്ന നിലപാട് കീഴ്‌വഴക്കങ്ങൾക്ക് നിരക്കുന്നതല്ല. കോടതിവിധികളെ തങ്ങളുടെ സൗകര്യത്തിനനുസരിച്ച് വ്യാഖ്യാനിക്കുന്ന സമീപനം ശരിയല്ല. പ്രതിപക്ഷ എം.എൽ.എ.-മാരുടെ സത്യാഗ്രഹം തുടരുന്ന സാഹചര്യത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബാലാവകാശ കമ്മീഷൻ നിയമനവുമായി ബന്ധപ്പെട്ട കോടതിവിധി ചോദ്യം ചെയ്യപ്പെടേണ്ടത് കോടതിയിൽ തന്നെയാണ്. നിയമസഭയിൽ അഭിപ്രായം പറയുന്നത് ഉചിതമല്ല. ഭരണപരമായ ഉത്തമബോദ്ധ്യത്തിലാണ് സർക്കാർ കാലാവധി നീട്ടി നൽകിയിട്ടുള്ളത്. ലാവ്‌ലിൻ കേസുമായി ബന്ധപ്പെട്ട അക്കൗണ്ടന്റ് ജനറലിന്റെ ആദ്യത്തെ റിപ്പോർട്ട് ഗൂഢാലോചനയുടെ ഭാഗമായി തയ്യാറാക്കിയതായിരുന്നു. വിജിലൻസ് അന്വേഷണത്തിൽ കഴമ്പില്ലെന്ന് കണ്ടെത്തിയ കേസ് ചില തൽപ്പരകക്ഷികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി സി.ബി.ഐ.-യ്ക്ക് വിടുകയായിരുന്നു. പ്രസ്തുത കേസിൽ ഇപ്പോൾ സത്യം വെളിപ്പെട്ടിരിക്കുകയാണ്.

ചട്ടങ്ങൾ പാലിച്ചുകൊണ്ടാണ് ബാലാവകാശ കമ്മീഷനിൽ നിയമനം നടത്തിയിട്ടുള്ളത്. തൊഴിലാളികൾക്കും അവശ ജനവിഭാഗത്തിനും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സ്റ്റേഷനുകളാക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ദളിത് വിഭാഗങ്ങൾക്ക് സംരക്ഷണം നൽകുന്നതിന് ഗവൺമെന്റ് മുൻഗണന നൽകുന്നുണ്ട്. 13 ഇന നിത്യോപയോഗ സാധനങ്ങളുടെ വില അഞ്ച് വർഷത്തേയ്ക്ക് വർദ്ധിപ്പിക്കില്ലെന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം നിറവേറ്റിയതിനോടൊപ്പം വിലക്കയറ്റം പിടിച്ചുനിർത്താൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പൊതുവിപണിയിൽ ശക്തമായി ഇടപെടുന്നുമുണ്ട്. ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിന് വീഴ്ചകളെന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ തിരുത്തുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബാലാവകാശ കമ്മീഷനുമായി ബന്ധപ്പെട്ട നിയമനം റദ്ദ് ചെയ്തുകൊണ്ടുള്ള കോടതി വിധിയിൽ

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഗുരുതരമായ കൃത്യവിലോപവും സ്വജനപക്ഷപാതവും നടത്തിയിട്ടുണ്ടെന്നുള്ളത് വ്യക്തമാണ്. ബാലാവകാശ കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നതിന് വ്യക്തമായ ചട്ടങ്ങൾ നിലവിലുള്ള സാഹചര്യത്തിൽ ക്രിമിനൽ പശ്ചാത്തലമുള്ള വ്യക്തിക്ക് നിയമനം നൽകിയത് സംബന്ധിച്ച് അന്വേഷിക്കണം. കോടതി വിധിയിലൂടെ പ്രസ്തുത കമ്മീഷൻ അംഗങ്ങളെ അയോഗ്യരാക്കിയിരിക്കുകയാണ്. ജനാധിപത്യ സംവിധാനത്തിൽ എക്സിക്യൂട്ടീവ് എടുക്കേണ്ട തീരുമാനങ്ങൾക്ക് പാളിച്ച സംഭവിക്കുമ്പോഴാണ് ജുഡീഷ്യറി കടന്നുവരുന്നതെന്ന കാര്യം വിസ്മരിക്കരുത്. നിരവധി കോടതി പരാമർശങ്ങൾ ഉണ്ടാകുമ്പോഴും കാര്യങ്ങളെല്ലാം സുഗമമായി നടക്കുന്നുവെന്നാണ് സർക്കാർ അവകാശപ്പെടുന്നത്. സ്വാശ്രയ കോളേജ് പ്രവേശന വിഷയത്തിൽ സർക്കാർ പൂർണ്ണമായി പരാജയപ്പെട്ടു. ബാലാവകാശ കമ്മീഷൻ നിയമനത്തിൽ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ഇടപെടൽ സദുദ്ദേശത്തോടെയല്ലെന്നാണ് കോടതിയുടെ വിലയിരുത്തൽ. കയ്യേറ്റക്കാരെയും ഭൂമാഫിയയെയും മദ്യരാജാക്കൻമാരെയും സംരക്ഷിക്കുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദളിതരുൾപ്പെടെയുള്ളവർ നിരന്തരം ആക്രമണത്തിന് വിധേയരാകുകയാണ്. കോടതി വിധി മുൻനിർത്തി മന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അഞ്ച്

എം.എൽ.എ. മാർ നിയമസഭാ കവാടത്തിൽ സത്യാഗ്രഹം അനുഷ്ഠിക്കുകയാണ്. നീതി നടപ്പാക്കാനുള്ള ധാർമ്മിക ഉത്തരവാദിത്വം ബഹു. മുഖ്യമന്ത്രിക്കുണ്ട്. നിയമവിരുദ്ധ നിയമനം, സ്വജനപക്ഷപാതം, കോടതി വിധി എന്നിവ കണക്കിലെടുത്ത് മന്ത്രിസഭയിൽ നിന്ന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയെ പുറത്താക്കാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭാനടപടികൾ ബഹിഷ്കരിക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, അനൂപ് ജേക്കബ്, കെ. എം. മാണി, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം സഭ ബഹിഷ്കരിക്കുകയും ശ്രീ. ഒ. രാജഗോപാൽ, ശ്രീ. പി. സി. ജോർജ് എന്നിവർ പ്രസ്താവന നടത്തിയശേഷം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരികെ ഹാജരാകുകയും ചെയ്തു.)

## II ശ്രദ്ധക്ഷണിക്കൽ

പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസന പ്രവർത്തനങ്ങൾ

ശ്രീ. ബി. സത്യൻ: പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മാതൃകാ അംബേദ്കർ ഗ്രാമം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനും ജി.എസ്.ടി.-യിൽനിന്നും ഈ പദ്ധതിയെ

ഒഴിവാക്കാനും മണ്ഡലാടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കോളനികളിലെ വികസനപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് എം.എൽ.എ.-മാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഉൾപ്പെട്ട ഉന്നതതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാനും നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കോളനിയിൽ പരമാവധി ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. എം.എൽ.എ.-മാർ നിർദ്ദേശിച്ച 225 കോളനികൾ സർക്കാർ അംഗീകരിക്കുകയും നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് 98 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ മോണിറ്ററിംഗ് കമ്മിറ്റി കൂടി ലഭ്യമാക്കുന്ന എസ്റ്റിമേറ്റ് അംഗീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതും നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീമിൽപ്പെടുത്തി ഓരോ സങ്കേതങ്ങൾക്കും ഒരു കോടി രൂപ നീക്കിവയ്ക്കുകയും ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി

സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാംലെറ്റ് വികസന പദ്ധതിയിലൂടെ 16 കോളനികളും എസ്.റ്റി.എസ്.പി. പദ്ധതിയിലൂടെ 22 കോളനികളും പൂർത്തീകരിച്ചിട്ടുണ്ട്. സ്വാശ്രയ ഗ്രാമങ്ങൾ പൂർത്തിയാക്കാൻ ഒക്ടോബർ 31 വരെ സമയം കൊടുത്തിട്ടുണ്ട്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

**III സബ്മിഷൻ**

(1) പി.എസ്.സി. പരീക്ഷ

ശ്രീ. റ്റി. വി. രാജേഷ് : കൃഷി വകുപ്പിലെ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ്-II നിയമനത്തിൽ ഡിപ്ലോമക്കാർക്കൊപ്പം വി.എച്ച്.എസ്.സി. അഗ്രിക്കൾച്ചർ യോഗ്യത നേടുന്നവരെക്കൂടി പരിഗണിച്ച് കട്ട് ഓഫ് മാർക്ക് നിജപ്പെടുത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : കൃഷി വകുപ്പിൽ അഗ്രിക്കൾച്ചറൽ അസിസ്റ്റന്റ് ഗ്രേഡ്- II നിയമനത്തിന് കേരള കാർഷിക സർവ്വകലാശാല നൽകുന്ന കൃഷി ശാസ്ത്രത്തിലുള്ള ഡിപ്ലോമയും തത്തുല്യ യോഗ്യതയുമുള്ളവരുടെ അഭാവത്തിലാണ് കൃഷിയിൽ വൊക്കേഷണൽ ഹയർ സെക്കന്ററി സർട്ടിഫിക്കറ്റുള്ളവരെ പരിഗണിക്കുന്നത്. പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. നടത്തുന്ന പരീക്ഷയിൽ ഡിപ്ലോമക്കാർക്കൊപ്പം വി.എച്ച്.എസ്.സി. അഗ്രിക്കൾച്ചർ

യോഗ്യതയുള്ളവരെക്കൂടി പരിഗണിച്ച് കട്ട് ഓഫ് മാർക്ക് നിജപ്പെടുത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കണമെന്ന ആവശ്യം പരിശോധിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

(2) എസ്.ബി.ടി. /എസ്.ബി.ഐ. ലയനം

ശ്രീ. കെ. രാജൻ : എസ്.ബി.ടി./ എസ്.ബി.ഐ. ലയനത്തെ തുടർന്ന് പൊതുജനങ്ങൾക്കും ജീവനക്കാർക്കുമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : എസ്.ബി.ടി. ഉൾപ്പെടെയുള്ള അഞ്ച് അസോസിയേറ്റ് ബാങ്കുകളെ എസ്.ബി.ഐ.-യിൽ ലയിപ്പിച്ച ശേഷം ശാഖകൾ വെട്ടിച്ചുരുക്കുക, ജീവനക്കാരെ സ്ഥലം മാറ്റുക, എ.ടി.എം., ഇന്റർനെറ്റ് ബാങ്കിംഗ് തുടങ്ങിയ സേവനങ്ങൾക്ക് അധിക ചാർജ്ജ് ഈടാക്കുക, മിനിമം ബാലൻസ് എന്ന പഴയ നിബന്ധന പുന:സ്ഥാപിക്കുക, സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്കുണ്ടായിരുന്ന പലിശ വെട്ടിക്കുറയ്ക്കുക തുടങ്ങിയ നടപടികളുമായി എസ്.ബി.ഐ. മുന്നോട്ടുപോകുകയാണ്. ലയനംമൂലം കേരളത്തിലെ മുന്നൂറിലേറെ ശാഖകളും ആയിരക്കണക്കിന് തൊഴിലവസരങ്ങളും നഷ്ടപ്പെടുമെന്നാണ് കണക്കാക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ശ്രേണിയിൽ സ്ഥാനം പിടിക്കുന്നതോടെ കൂടുതൽ കോർപ്പറേറ്റ് അനുകൂല നയങ്ങൾ

പിന്തുടരാൻ എസ്.ബി.ഐ. ശ്രമിക്കുമെന്ന പ്രശ്നവും ഉയർന്നുവന്നിട്ടുണ്ട്. എസ്.ബി.ടി. ഇല്ലാതായതോടെ കേരളത്തിൽ സ്വരൂപിക്കുന്ന നിക്ഷേപം കൂടി കോർപ്പറേറ്റ് വായ്പകൾക്ക് ചെലവഴിക്കാനിടയുണ്ടെന്ന ആശങ്കയും ഉയർന്നുവന്നിട്ടുണ്ട്. ചെറുകിട വ്യവസായങ്ങൾക്ക് ചെറിയ വായ്പകൾ മാത്രമേ എസ്.ബി.ഐ. നൽകുന്നുള്ളൂ. ഇക്കാര്യത്തിൽ കൂടുതൽ ഇടപെടൽ ആവശ്യമാണെങ്കിൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

(3) വിസ്ഡം ഗ്ലോബൽ മിഷൻ പ്രവർത്തകർക്ക് മർദ്ദനം

ശ്രീ. ടി. എ. അഹമ്മദ് കബീറിനുവേണ്ടി (ശ്രീ. പി. ടി. എ. റഹീം) : വിസ്ഡം ഗ്ലോബൽ മിഷൻ പ്രവർത്തകർക്ക് മർദ്ദനമേറ്റത് സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും അവരെ കേസുകളിൽ നിന്നും ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എറണാകുളം ജില്ലയിലെ വടക്കേക്കര പഞ്ചായത്തിലെ ചില വീടുകളിൽ 20.08.2017-ന് വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷന്റെ നാൽപ്പതോളം പ്രവർത്തകർ മതസ്പർദ്ധയുണ്ടാക്കുന്ന ലഘുലേഖകളും കൈപ്പുസ്തകങ്ങളും വിതരണം ചെയ്തുവരവേ പ്രദേശത്ത് സംഘർഷാവസ്ഥയുണ്ടാകുകയും പോലീസ് അവരെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്യുകയുമുണ്ടായി. പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട വീടുകളിൽ മൂന്ന്

ലഘുലേഖകളാണ് വിതരണം ചെയ്തത്. അതിൽ 'വിമോചനത്തിന്റെ വഴി' എന്ന ലഘുലേഖയിൽ അന്യമത വിശ്വാസികളുടെ വിശ്വാസത്തെ വ്രണപ്പെടുത്തുന്ന പരാമർശമുള്ളതിനാലാണ് കേസ് രജിസ്റ്റർ ചെയ്തത്. ലഘുലേഖ വിതരണത്തിനെത്തിയ ചിലരെ കാറിൽ ബലമായി കയറ്റിക്കൊണ്ടുപോകുകയും മർദ്ദിക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട് ആർ.എസ്.എസ്. പ്രവർത്തകരായ 9 പേരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്യുകയും അതിൽ 7 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സമുദായ സൗഹാർദ്ദം തകർക്കാനുള്ള ശ്രമം ഏത് ഭാഗത്തുനിന്നുണ്ടായാലും സർക്കാർ അതിനെ ശക്തമായി നേരിടും. ഈ സംഭവവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പരാതികളെക്കുറിച്ച് പരിശോധിക്കുന്നതിന് എറണാകുളം റെയ്ഞ്ച് ഐ.ജി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(4) യു.ഐ.ഡി.എസ്.എസ്.എം.ടി.

ശ്രീ. എ. എൻ. ഷംസീർ: തലശ്ശേരി നഗരസഭയിലെയും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ ആരംഭിച്ച യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): തലശ്ശരി നഗരസഭയിലെയും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നാല്

പാക്കേജുകളായി നടപ്പാക്കുന്ന യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതിയുടെ ഒന്നും നാലും പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പാക്കേജ് II-ൽ 35 കിലോമീറ്റർ വിതരണശൃംഖല സ്ഥാപിക്കേണ്ട സ്ഥാനത്ത് 23 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്. പുതുതായി നവീകരിച്ച കൊടുവള്ളി-കൊളശ്ശേരി റോഡിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. മോറക്കുന്ന് ജലസംഭരണിയുടെ പണി പൂർത്തിയായെങ്കിലും ചിറക്കക്കാവ് ജലസംഭരണി നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാകാൻ കാലതാമസം നേരിട്ടതിനാൽ കരാറുകാരൻ പുതുക്കിയ നിരക്ക് ആവശ്യപ്പെടുകയും എംപവേർഡ് കമ്മിറ്റി അത് അംഗീകരിച്ചതിനെത്തുടർന്ന് ടാങ്കിന്റെ പ്രവൃത്തി പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷം ഡിസംബർ മാസത്തോടെ പാക്കേജ് II പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാക്കേജ് III-ൽ വിവിധ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികളും കൊടുവള്ളി, തലായി പ്രദേശങ്ങളിലെ ജലസംഭരണികളുടെ നിർമ്മാണവുമാണ് ഉൾപ്പെട്ടിരിക്കുന്നത്. പ്രവൃത്തി പൂർത്തീകരിക്കാനുള്ള കാലാവധി നിരവധി തവണ നീട്ടിനൽകിയെങ്കിലും കരാറുകാരന്റെ ഭാഗത്തുനിന്നും നിരന്തരമായി വീഴ്ച സംഭവിച്ചതിനാൽ കരാർ റദ്ദുചെയ്യുന്നതിന് എംപവേർഡ് കമ്മിറ്റി തീരുമാനിക്കുകയും പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരികയുമാണ്. ഈ പ്രവൃത്തികൾ

പൂർത്തീകരിക്കുന്നതോടെ തലശ്ശേരി നഗരസഭയിലെയും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(5) സ്പിൽവേ നിർമ്മാണത്തിലെ അപാകത

ശ്രീമതി സി. കെ. ആശ: കരിയാർ സ്പിൽവേ നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): നിലവിൽ കരിയാർ സ്പിൽവേ നിർമ്മാണത്തിൽ അപാകതകൾ കണ്ടെത്തിയിട്ടില്ല. ഷട്ടറുകളുടെ ഉയരം ഒരടികൂടി ഉയർത്തി പദ്ധതി കമ്മീഷൻ ചെയ്തതിനാൽ ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. തീരം ഇടിയുന്ന പ്രശ്നം പരിഹരിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷകരുമായി ആശയവിനിമയം നടത്തി കാർഷിക കലണ്ടറിൽ ആവശ്യമായ മാറ്റം വരുത്താവുന്നതാണ്. റെഗുലേറ്ററുകളുടെ നിർമ്മാണ പ്രവൃത്തികൾ ഒരുമിച്ച് നടത്തുന്നതിന് ശ്രമിക്കുന്നതാണ്.

(6) ബോട്ട് സർവ്വീസ്

ശ്രീ. ജോൺ ഫെർണാണ്ടസ്: ബോട്ട് സർവ്വീസുകൾ കാര്യക്ഷമമാക്കി പശ്ചിമ കൊച്ചിയിലെ യാത്രാദുരിതം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): പശ്ചിമകൊച്ചി മേഖലയിൽ അറ്റകുറ്റപ്പണിക്കായി മാറ്റിയ ബോട്ടുകൾക്ക് പകരം ബോട്ടുകൾ സർവ്വീസിനായി നൽകിയിട്ടുണ്ട്. മട്ടാഞ്ചേരി ജെട്ടിയിലെ എക്കൽ നീക്കം ചെയ്യുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെങ്കിലും ഫണ്ട് ലഭ്യമായിട്ടില്ല. കാലപ്പഴക്കം ചെന്ന ബോട്ടുകൾക്ക് പകരം പുതിയ ഫൈബർ ബോട്ടുകൾക്ക് നിർമ്മാണക്കരാർ നൽകിയിട്ടുണ്ട്. സർവ്വീസുകൾ റദ്ദ് ചെയ്യാതിരിക്കാൻ പരമാവധി ശ്രമിക്കുന്നതാണ്. പുതിയ ബോട്ടുകൾ സർവ്വീസാരംഭിക്കുന്നതോടെ യാത്രാദുരിതത്തിന് ഒരു പരിധി വരെ പരിഹാരമുണ്ടാകുന്നതാണ്.

### (7) വെട്ടിക്കാട് ചാൽ ടൂറിസം വികസനം

ശ്രീ. ആർ. രാജേഷ്: മാവേലിക്കര മണ്ഡലത്തിലെ വെട്ടിക്കാട് ചാൽ ടൂറിസം പദ്ധതി നടപ്പാക്കാനാവശ്യമായ തുകയനുവദിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): വെട്ടിക്കാട് ചാൽ ടൂറിസം പദ്ധതി സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് മുൻ സർക്കാരിന്റെ കാലത്ത് സമർപ്പിച്ചിരുന്നുവെങ്കിലും തുടർനടപടികൾ സ്വീകരിച്ചിരുന്നില്ല. ടൂറിസം സാധ്യതകൾ വിലയിരുത്തി പ്രസ്തുത പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## (8) സ്റ്റാഫ് പാറ്റേൺ

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ, ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് സജ്ജമാക്കുന്നതിനുള്ള രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉപകരണങ്ങളും സി.ടി. സ്കാനും വാങ്ങുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. മരാമത്ത് പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഡയാലിസിസ് കേന്ദ്രം പ്രവർത്തനസജ്ജമാക്കുകയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യുന്നതാണ്.

## (9) പരമ്പരാഗത ചികിത്സ

ശ്രീ. സി. കെ. ഹരീന്ദ്രൻ: തെക്കൻ കേരളത്തിലെ പരമ്പരാഗത വൈദ്യചികിത്സാ കേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ ആരോഗ്യ

ചികിത്സാരംഗത്തെ അനാരോഗ്യ പ്രവണതകൾ നിയന്ത്രിക്കാൻ സാധിക്കും. വ്യാജ ചികിത്സകരെ നിരോധിക്കുമ്പോൾത്തന്നെ പാരമ്പര്യ ചികിത്സാരംഗത്ത് പ്രാഗൽഭ്യമുള്ളവരെ നിലനിർത്തുന്നതിനും പാരമ്പര്യ ചികിത്സാവിധികളെ സംരക്ഷിക്കുന്നതിനും സർക്കാർ പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്.

(10) ആർദ്രം പദ്ധതി

ശ്രീ. ജി. എസ്. ജയലാൽ: ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയുൾപ്പെടെ വിവിധ പി.എച്ച്.സി.-കളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഡോക്ടർമാരേയും അനുബന്ധ സ്റ്റാഫുകളേയും നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ചാത്തന്നൂർ പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ കൂടുതൽ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്ന മുറയ്ക്ക് ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ മറ്റ് പി.എച്ച്.സി.-കളേയും പരിഗണിക്കുന്നതാണ്. 'ആർദ്രം' പദ്ധതിയുടെ രണ്ടാം

ഘട്ടത്തിൽ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രിയെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. തസ്തികകൾ സൃഷ്ടിച്ച് താലൂക്ക് ആശുപത്രികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

(11) പാലം പുതുക്കി പണിയൽ

ശ്രീ. സി. കെ. നാണു: മൂരാട് പാലം പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): മൂരാട് പാലം പുതുക്കിപ്പണിയുന്ന വിഷയം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. റോഡും പാലവും ദേശീയ പാതാ അതോറിറ്റിയുടെ അധികാരപരിധിയിൽ ഉൾപ്പെടുന്നതായതിനാൽ അവരുടെ അഭിപ്രായം മറികടന്നുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് നടപടി സ്വീകരിക്കാൻ കഴിയില്ല. നിലവിലുള്ള പാലത്തിനു സമാന്തരമായി നാലുവരി പാതയോടുകൂടിയ പാലം പണിയാനുദ്ദേശിക്കുന്നുണ്ടെന്നും അതിന്റെ പദ്ധതി രേഖ തയ്യാറാക്കിവരികയാണെന്നും ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും നാഷണൽ ഹൈവേ ഡെവലപ്മെന്റ് പ്രോജക്ടിന്റെ മൂന്നാം ഫേസിൽ ഉൾപ്പെടുത്താനുദ്ദേശിച്ചിട്ടുണ്ടെന്നും ദേശീയ പാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്. അവരുടെ അനുവാദം ലഭിച്ചാൽ മാത്രമേ പാലത്തിന്റെ

കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കും. ഇക്കാര്യത്തിൽ ഗവൺമെന്റിന് അഭിപ്രായവ്യത്യാസമില്ല.

## IV റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(1) സംസ്ഥാനം നേരിടുന്ന മാലിന്യ പ്രശ്നങ്ങളും മാലിന്യ നിർമ്മാർജ്ജനം ഫലപ്രദമാക്കുന്നതിനുള്ള നടപടികളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട്.

(2) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടും മൂന്നും റിപ്പോർട്ടുകൾ.

## V നിയമനിർമ്മാണകാര്യം

<u>2017-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>) : 2017-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>) : 2017-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന

പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ജെയിംസ് മാത്യു: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസനവും ജനനന്മയും മുൻനിർത്തി ഗവൺമെന്റ് മുന്നോട്ടുവച്ച യജ്ഞങ്ങൾ പൂർത്തീകരിക്കുന്നതിനും ജനക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ധനവിനിയോഗ ബില്ലിലൂടെ സാധിക്കും.

ശ്രീ. ആർ. രാമചന്ദ്രൻ: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. അടിസ്ഥാന സൗകര്യ വികസനം, ഗതാഗതം, വിദ്യാഭ്യാസം, മാലിന്യ നിർമ്മാർജ്ജനം എന്നീ മേഖലകളിൽ ഭാവനാപൂർണ്ണമായ പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കുന്നത്. സർക്കാർ ആശുപത്രികളെ രോഗീസൗഹൃദമാക്കുന്നതിനും ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനുമായി നടപ്പിലാക്കിയ ആർദ്രം പദ്ധതിയും സംസ്ഥാനത്തെ ഭവനരഹിതർക്ക് വീട് നിർമ്മിച്ചുനൽകുന്നതിനായി ആരംഭിച്ച ലൈഫ് മിഷൻ പദ്ധതിയും വളരെയേറെ പ്രതീക്ഷ നൽകുന്നതാണ്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ലാഭത്തിന്റെ

പാതയിലാണ്. കൊച്ചി മെട്രോ റെയിലിന്റെ രണ്ടാംഘട്ടം പ്രവർത്തനം പുരോഗമിക്കുകയാണ്. വിലക്കയറ്റം തടയുന്നതിനായി 1500 ഓണച്ചന്തകൾ ആരംഭിക്കുകയും വിഷരഹിത പഴങ്ങളും പച്ചക്കറികളും പ്രാദേശികമായി ഉല്പാദിപ്പിച്ച് വിപണിയിലെത്തിക്കുകയും ചെയ്തിട്ടുണ്ട്. തരിശ് പാടങ്ങളിൽ നെൽകൃഷി ആരംഭിച്ചതിനോടൊപ്പം വിള ഇൻഷ്വറൻസ് തുകയിലും വർദ്ധന വരുത്തിയിട്ടുണ്ട്. ക്ഷേമ പെൻഷനുകൾ കുടിശ്ശികയില്ലാതെ വിതരണം ചെയ്യുകയും 900 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പ ഗവൺമെന്റ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി ഫാക്ടറികൾക്ക് അസംസ്കൃത തോട്ടണ്ടി ലഭ്യമാക്കുന്നതിന് ദീർഘകാല കരാർ തയ്യാറാക്കുകയും ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഭാവനാപൂർണ്ണമായ പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷീര മേഖലയിൽ വിവിധ പദ്ധതികൾ നടപ്പാക്കിയതോടെ ആഭ്യന്തര ക്ഷീരോല്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

ശ്രീ. ഒ. രാജഗോപാൽ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഭീകരപ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ പ്രത്യേക സംവിധാനമുണ്ടാക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് ആഭ്യന്തര വകുപ്പിന്റെ വീഴ്ചയാണ്.

<u>ശ്രീ. സി. കെ. നാണു</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റ് വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും മികച്ച പ്രവർത്തനങ്ങളാണ് കാഴ്ച വച്ചിട്ടുള്ളത്.

<u>ശ്രീ. പി. സി. ജോർജ്</u>: ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടാനും ഗ്രാമീണ റോഡുകൾ, കുടിവെള്ളം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ കൂടുതൽ തുക അനുവദിക്കാനും ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കാനും സർക്കാർ തയ്യാറാകണം.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റിക്കൊണ്ടിരിക്കുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് പ്രതിപക്ഷം ഉന്നയിച്ചിട്ടുള്ളത്. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. നിയമനവുമായി ബന്ധപ്പെട്ട് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണമാണ് പ്രതിപക്ഷം ഉന്നയിച്ചിട്ടുള്ളത്.

<u>ശ്രീ. മോൻസ് ജോസഫ്</u>: കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സമഗ്രമായ കാർഷിക നയം കൊണ്ടുവരണം. റബ്ബറിന്റെ വില 200 രൂപയാക്കുന്നതിനും നാളികേര സംഭരണം പുനരാരംഭിക്കുന്നതിനും നെല്ലിന്

പമ്പിംഗ് സബ്സിഡി നൽകുന്നതിനും നെല്ല് സംഭരണത്തിന്റെയും കർഷക പെൻഷന്റെയും കുടിശ്ശിക തീർക്കുന്നതിനും നടപടി സ്വീകരിക്കണം. ഗ്രാമീണ റോഡുകളുടെ വികസനത്തിനായി ആയിരം കോടി രൂപ അനുവദിക്കണം. കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുന്നതിനും വാട്ടർ അതോറിറ്റിയിലെ കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിനും നടപടി സ്വീകരിക്കണം. കിഫ്ബി വഴിയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നത് വേഗത്തിലാക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): പദ്ധതി നിർവ്വഹണം വളരെ വേഗത്തിലാണ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. ഇതിനകം 70 ശതമാനം പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും ബാക്കിയുള്ളവ പ്രോജക്ടുകൾ സമർപ്പിക്കുന്ന മുറയ്ക്ക് നൽകുന്നതുമാണ്. സ്കൂളുകൾ ഹൈടെക് ആക്കുന്ന പ്രക്രിയയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രാദേശിക വിഭവ സമാഹരണംകൂടി വിഭാവന ചെയ്തിട്ടുണ്ട്. ഗ്രാമീണറോഡുകളുടെ വികസനമുൾപ്പെടെ പ്ലാനിന്റെ ഭാഗമായി ചെയ്യുന്നതിനാണ് ശ്രമിക്കുന്നത്. കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിക്കുന്നതാണ്. ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2017-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2017-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): പ്രമേയത്തെ പിന്താങ്ങുന്നു.

2017-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## VI മുഖ്യമന്ത്രിയുടെ പ്രസ്താവന

<u>സിംഗിൾ ബഞ്ച് വിധിയിലെ പരാമർശം</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ബാലാവകാശ കമ്മീഷൻ അംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട് സിംഗിൾ ബഞ്ച് പുറപ്പെടുവിച്ച വിധിക്കെതിരെ സർക്കാർ നൽകിയ അപ്പീൽ ഹർജിയിൽ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കെതിരെ ഉണ്ടായ പരാമർശം നീക്കുകയുണ്ടായി. മന്ത്രിയുടെ ഭാഗത്തുനിന്ന് ദുരുദ്ദേശപരമായ യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നും മന്ത്രിയുടെ വാദം കേൾക്കാതെ പുറപ്പെടുവിച്ച വിധി സ്വാഭാവിക നീതി പാലിക്കണമെന്നുള്ള ഒട്ടനവധി വിധികളുടെ ലംഘനമാണെന്നും വ്യക്തമാക്കിയിരിക്കുന്നു. ഇക്കാര്യം സഭയെ അറിയിക്കുന്നു.

(നിയമനിർമ്മാണകാര്യം തുടർച്ച)

(2) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അന്തരഘട്ടങ്ങളും.</u>

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി)

ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): മത്സ്യസമ്പത്തിന്റെ സംരക്ഷണമാണ് ഈ ബില്ലിന്റെ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ ഭക്ഷ്യസമ്പത്തിൽ പതിനൊന്ന് ശതമാനം സംഭാവന ചെയ്യുന്നത് മത്സ്യമേഖലയാണ്. എന്നാൽ ഇതിൽ ഇന്ന് കുറവ് വന്നിരിക്കുകയാണ്. കൃത്യമായ മാനേജ്മെന്റ് സംവിധാനം ഉറപ്പാക്കിക്കൊണ്ട് അനിയന്ത്രിത മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനാവശ്യമായ ഇടപെടൽ ഫിഷറീസ് വകുപ്പ് നടത്തുന്നതാണ്.

(വിയോജനക്കുറിപ്പ് അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. ഒ. ആർ കേളുവിനുവേണ്ടി (ശ്രീ. കെ. ജെ. മാക്സി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മത്സ്യത്തൊഴിലാളികൾ നേരിടുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമായാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. തീരപ്രദേശത്ത് ചാകര ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ

പ്രതിവർഷം 7.26 ലക്ഷം ടൺ മത്സ്യമാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. 2014-15-ൽ മത്സ്യോൽപ്പാദന കയറ്റുമതിയിലൂടെ 5166 കോടി രൂപ നേടാൻ സാധിച്ചിട്ടുണ്ട്. മത്സ്യ സംസ്കരണ-വിതരണ രംഗത്ത് തൊഴിലെടുക്കുന്ന പതിനൊന്നര ലക്ഷം മത്സ്യത്തൊഴിലാളികളിൽ ഒരു ലക്ഷത്തോളം സ്ത്രീകളാണ്. മത്സ്യോൽസവം പരിപാടിയിലൂടെ നിരവധി പരാതികൾക്ക് പരിഹാരമുണ്ടാക്കാൻ സാധിച്ചു. ട്രോളിംഗ് നിരോധനത്തിലൂടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഉൾനാടൻ മത്സ്യോൽപ്പാദനത്തിന്റെ വർദ്ധനവിനായി ജനകീയ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കണം. മത്സ്യോപകരണങ്ങളുടെ ഉടമസ്ഥാവകാശം തൊഴിലാളികൾക്ക് നഷ്ടപ്പെടുന്ന അവസ്ഥ സംജാതമായിരിക്കുകയാണ്. വില്ലേജ്-ജില്ല-സംസ്ഥാന തലത്തിൽ ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതോടുകൂടി മത്സ്യത്തൊഴിലാളികളുടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും.

ശ്രീ. ചിറ്റയം ഗോപകുമാറിനുവേണ്ടി (ശ്രീ. ആർ. രാമചന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതം തകർക്കുന്ന നയസമീപനങ്ങളാണ് കേന്ദ്ര ഗവൺമെന്റ്

കൈക്കൊണ്ടുവരുന്നത്. മത്സ്യബന്ധനത്തിൽ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതോടൊപ്പം അവർ അഭിമുഖീകരിക്കുന്ന ജീവിതക്ലേശങ്ങൾകൂടി പരിഗണിക്കേണ്ടതായിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങൾക്ക് വേണ്ടിവരുന്ന ഇന്ധനച്ചെലവ് പോലും തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. മത്സ്യബന്ധനത്തിനിടെ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കണം. മത്സ്യ സമ്പത്തിന്റെ അമിത ചൂഷണം നിയന്ത്രിക്കാൻ ഈ നിയമനിർമ്മാണത്തിലൂടെ സാധിക്കും. വീടുകൾ പുനർനിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള സമുദ്ര മത്സ്യബന്ധന (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2 -ഉം 3-ഉം വകുപ്പുകൾ

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

132. In section 2 (cb) proposed to be inserted in the principal Act by clause 4(1), the word " fabricated" shall be deleted.

133. In section 2 (da) proposed to be inserted in the principal Act by clause 4(2), the words " a fishing village" shall be substituted with the words " fisheries village" .

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

154. In clause 6,-

(a) in section 9A proposed to be inserted in the principal Act,-

(i) in the marginal heading, for the word, figure and letter " and 9G" , the word, figures and letters " 9G and 9H" shall be substituted;

(ii) in sub-section (3), for the words " commencement of this Act" , the words, figures and brackets " commencement of the Kerala Marine Fishing Regulation (Amendment) Act, 2017 (......of 2017)" shall be substituted;

(iii) in sub-section (4), for the words " commencement of this Act" , the words, figure and bracket " commencement of the Act specified in sub-section (3)" shall be substituted;

(iv) in sub-section (5), for the figure and bracket " (4)" , the figure and bracket " (6)" shall be substituted;

(v) in sub-section (6), for the figure and bracket " (3)" , the figure and

bracket " (5)" shall be substituted;

(b) in section 9E proposed to be inserted in the Act,-

(i) in sub-section (3), for the words " commencement of this Act" , the words, figures and brackets " commencement of the Kerala Marine Fishing Regulation (Amendment) Act, 2017 (.....of 2017)" shall be substituted;

(ii) in sub-section (4), for the words " commencement of this Act" , the words, figures and bracket " commencement of the Act specified in sub-section (3)" shall be substituted;

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

170. In the proviso to subsection 9A(4) proposed to be inserted in the principal Act by clause 6, for the word " authorized" substitute the word " authorised" .

189. In section 9A(9) proposed to be inserted in the principal Act by clause 6, after the word " registration" the words " number and a" shall be inserted wherever it occurs.

235. In section 9E (8) proposed to be inserted in the principal Act by clause 6, after the word " inspection" the words " of fishing net unit" shall be inserted എന്നതിൽ " of fishing net unit" എന്നതിനുപകരം "fishing net production unit" എന്ന ഭേദഗതിയോടെ മന്ത്രി അവതരിപ്പിച്ചു.

253. In section 9 H (2) proposed to be inserted in the principal Act by clause 6, for the word " authorized" the word " authorised" shall be substituted.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>7-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

255. In section 13A(9) proposed to be inserted in the principal Act by clause 7,

(i) for the words " if the Act were not in force" , the words, letters,

figures and brackets “ if the Kerala Marine Fishing Regulation (Amendment) Act, 2017 (....of 2017) were not enacted” shall be substituted.

(ii) for the words and brackets “ Member (Co-ordination) of the council” , the words and bracket “ Member (Co-ordination) of the State Fisheries Management Council” shall be substituted.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

267. In item (d) to section 13A(2) proposed to be inserted in the principal Act by clause 7, for the word “ jurisdictionin” substitute the words “ jurisdiction in” .

278. The item (g) to section 13A(3) proposed to be inserted in the principal Act by clause 7, shall be recast as follows:-

“ (g) One person having expertise in Marine Fisheries, nominated by the Government - Member” .

287. In the column (2) of item (g) to section 13A(4) proposed to be inserted in the principal Act by clause 7, after the words “ from the” the word “ recognized” shall be inserted.

291. Item (i) of section 13 A(4), proposed to be inserted in the principal Act by clause 7, shall be recast as follows:-

" (i) One person having expertise in fisheries, nominated by the Government Member -Marine"
എന്നതിൽ "marine resource conservation" എന്ന ഭേദഗതിയോടെ അവതരിപ്പിച്ചു.

297. In provisio to section 13 A(4), proposed to be inserted in the principal Act by clause 7, for the word " casemay" the words " case may" shall be substituted.

268-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി അവതരിപ്പിച്ചു.

268. In the item (e) to section 13A(2) proposed to be inserted in the principal Act, for the words " three fishermen" substitute the words " two fishermen and a fisher woman" . എന്നതിൽ the words " two fishermen and a fisher woman" എന്നതിന് പകരം " two fishermen and one fisher woman from same fishing village" എന്ന് മാറ്റം വരുത്തണം.

262, 265, 270, 276, 283, 293, 294 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9-ാം വകുപ്പ്</u>

ഭേദഗതിയില്ല

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

325. In section 17 proposed to be substituted in the principal Act, by clause 10-

(i) in sub-section (1), in the first proviso, for the words and symbol

" and/or licence" , the words " or licence or both" shall be substituted;

(ii) in sub-section (5) for the words " shall be recovered" , the words " may be recovered" shall be substituted.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>11-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

343. In section 24(2)(a) proposed to be amended in the principal Act by clause 11,-

(i) in item (en), " the words, letters and brackets " specified under sub-section (12) of section 9E" shall be omitted;

(ii) in item (eo), the words " shall be specified" shall be omitted;

(iii) in item (ep), the words " shall be prescribed" shall be omitted;

(iv) in item (eq), the words " shall be specified" shall be omitted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): 2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2017-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## VII അവകാശലംഘന പ്രശ്നങ്ങൾ

<u>പരിഗണനയിലിരിക്കുന്നവ</u>

ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്കെതിരെ ശ്രീ. അടൂർപ്രകാശ് നൽകിയ നോട്ടീസും ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നൽകിയ നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

## VIII പ്രമേയം

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സഭ മുമ്പാകെ മറ്റ് ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ്.

14-ാം കേരള നിയസഭയുടെ 7-ാം സമ്മേളനത്തിൽ സഭ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്തവിവരണം നടത്തുകയും നടപ്പുസമ്മേളനം വിജയകരമായി പൂർത്തിയാക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ഹൃദ്യമായ ഓണം, ബക്രീദ് ആശംസകൾ നേരുകയും ചെയ്തു.

സഭ ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 2.28-ന്

അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.

*******************